**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3296** **01-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -II തസ്തികയിലെ നിയമന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്കുള്ള നിയമന രീതി എപ്രകാരമാണെന്ന് അറിയിക്കുമോ; ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വന്നു എന്ന് വ്യക്തമാക്കുമോ; | (എ) | തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനവും, വകുപ്പിലെ സീനിയർ ക്ലാർക്കുമാർക്ക് ബൈ ട്രാൻസ്ഫർ മുഖേനയും നിയമനം നൽകുന്നു. ബൈ ട്രാൻസ്ഫർ നിയമനവും നേരിട്ടുള്ള നിയമനവും തമ്മിലുള്ള അനുപാതം 2:1 ആണ്. പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ ബഹു. ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി വരുന്നു. |
| (ബി) | 26.07.2017 മുതൽ 09.10.2018 വരെയുള്ള കാലയളവിൽ നേരിട്ടുള്ള നിയമന തസ്തികളിൽ 16 ഒഴിവുകൾ ഉണ്ടായിരുന്നത് മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | 26/7/2017 മുതൽ 09/10/2018 വരെയുള്ള കാലയളവിലുണ്ടായ 16 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | 10.10.2018 മുതൽ 02.02.2022 വരെ പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; നേരിട്ടുള്ള നിയമനത്തിനായുള്ള 13 ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (സി) | 10/10/2018 മുതൽ 02/2/2022 വരെയുള്ള കാലയളവിൽ 42 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. 13 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | 04.10.2019-ലെ 1208/2019/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (ഡി) | 21/7/2017 ലെ D3/196/2017/LBRD നമ്പർ സർക്കാർ കത്ത് പ്രകാരം ലേബർ കമ്മീഷണറോട് നിർദ്ദേശിച്ചതനുസരിച്ച് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി 6 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനെതിരെ വകുപ്പിലെ സീനിയർ ക്ലാർക്കുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണൽ മുമ്പാകെ OA-1536/2017 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 07/1/2019 തീയതി നൽകിയ നിർദ്ദേശപ്രകാരം 3 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഒഴിവുകളിലേയ്ക്ക് മാത്രം അഡ്വൈസ് നടത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കുവാൻ 04/10/2019 തീയതിയിലെ സ.ഉ (സാധാ) നം. 1208/2019/ തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 24/10/2019 തീയതിയിലെ ഇ4/7292/2017 നമ്പർ കത്ത് പ്രകാരം പി.എസ്.സി യ്ക്ക് 2017-ൽ റിപ്പോർട്ട് ചെയ്തിരുന്ന 6 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഒഴിവുകളിൽ 3 ഒഴിവുകളിലേയ്ക്ക് മാത്രം നിയമന ശിപാർശ നൽകണമെന്ന് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | 10.10.2018 മുതൽ നാളിതു വരെ എത്ര അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ്; വിശദമാക്കുമോ; | (ഇ) | 10/10/2018 മുതൽ നാളിതുവരെ 13 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്. നിലവിലെ റേഷ്യോ പ്രകാരം നാളിതുവരെ ഡെപ്യൂട്ടേഷൻ ഉൾപ്പെടെ ആകെ 31 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലെ നിയമനം സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (എഫ്) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലെ നിയമനം സംബന്ധിച്ച് കേസുകളിൽ OA 1536/2017 കേസിന്റെ അവസാന ഹിയറിംഗ് 19/10/2022 തീയതി നടന്നിട്ടുള്ളതാണ്. ആയതിന്റെ അന്തിമ വിധി ലഭിച്ചിട്ടില്ല. കൂടാതെ OA 2091/2019 കേസിന്റെ അവസാന ഹിയറിംഗ് 29/1/2020 ൽ നടന്നിട്ടുള്ളതും അന്തിമവിധി ലഭിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ